# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കവിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P7/214/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കവിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P7/214/2023 തീയ്യതി: 22/03/2023

## പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ . എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.ഡി ദിനേശ് കുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ചന്ദ്രൻ ആർ | സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ. ജോസഫ് അലോഷ്യസ് | സെക്രട്ടറി | 23-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റ്റൈറ്റസ് പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ. സിനികുമാരി. പി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീമതി സൌമ്യ കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷ്മി ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. റൂബിൻ മേരി.റ്റി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ജിഷാ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ആഷാ അലക്സ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. അജി മോൻ പി.ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2021 | 11-05-2021 |
| ശ്രീ.ധനേഷ് കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 12-05-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി വി.എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2021 | 19-05-2021 |
| ശ്രീമതി അഞ്ജലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 20-05-2021 | 31-03-2022 |
| ശ്രീ. സജീവ് റ്റി | കൃഷി ഓഫീസർ | 01-04-2021 | 23-08-2021 |
| ശ്രീ.സന്ദീപ് കുമാർ. പി | കൃഷി ഓഫീസർ | 24-08-2021 | 31-03-2022 |
| ശ്രീമതി രേഖ എസ്.ജോൽസന | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ലതിക കുമാരി എം.സി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജസി തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആരാധാനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് - പഞ്ചായത്തിന് വരുമാന നഷ്ടം | 1-11 |
| 12 | തൊഴിൽനികുതി പിരിവ് – അപാകതകൾ | 1-12 |
| 13 | വാടക പിരിവ്- അപാകതകൾ | 1-13 |
| 14 | പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക പെരുകുന്നു | 1-14 |
| 15 | മാലിന്യശേഖരണം- മോണിട്ടറിംഗ് സിസ്റ്റം - തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചില്ല | 1-15 |
| 16 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ആവശ്യമായ രേഖകളില്ലാതെ തുക നൽകി | 1-16 |
| 17 | ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 18 | ആട് വളർത്തൽ (എസ്.സി.പി)- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-18 |
| 19 | ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല | 1-19 |
| 20 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക യഥാസമയം ലൈബ്രറി കൺസിലിന് നല്കുന്നതിൽ വീഴ്ച | 1-20 |
| 21 | സാക്ഷരതതുല്യതാപഠനം വിനിയോഗരേഖകൾ ഇല്ല | 1-21 |
| 22 | അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

1146331 രൂപ മുന്നിരിപ്പും 123882400 രൂപ വരവും 123567988 രൂപ ചെലവും 1460743 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 18.02.2021 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2022 തീയതിയിലെ 1(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08.08.22 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിനായി 08.08.22 ൽ എയിംസിലൂടെ സമർപ്പിച്ചിരുന്ന വാർഷികധനകാര്യപത്രിക വെളിപ്പെടുത്തുന്ന 2021-22 ലെ
സംക്ഷിപ്തധനകാര്യ റിസൽട്ടുകൾ ചുവടെ ചേർക്കുന്നു.

1. Receipt&Payment Statement

| മുന്നിരിപ്പ് (അക്കൗണ്ട് നീക്കിയിരിപ്പ്) | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (31.03.2022 പണം+അക്കൗണ്ട് നീക്കിയിരിപ്പ്) |
|---|---|---|---|---|
| 10455646 | 56063165 | 66518811 | 55922068 | 10596743 |

2. Incom&Expenditure Statement

| ആകെ വരുമാനം | ആകെ ചെലവ് | പ്രവർത്തന മിച്ചം | പ്രവർത്തന നഷ്ടം |
|---|---|---|---|
| 111639554 | 112972104 | 0 | 1332550 |

3.Balance Sheet

| ആകെ ആസ്തി മൂല്യം | ആകെ ബാദ്ധ്യത(ജനറൽ ഫണ്ട് ഇല്ലാതെ) | ജനറൽ ഫണ്ട് പൊസിഷൻ |
|---|---|---|
| 26670701 | 53349527 | 26678826 |

മേൽ വിവരിച്ച ധനകാര്യറിസൽട്ടുകൾ പ്രതിഫലിപ്പിക്കുന്ന ധനകാര്യപത്രിക ഓഡിറ്റില് പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല. മുൻവർഷത്തെ തുക (11320177) തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രാന്റ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

2. ഷെഡ്യൂൾ ബി-4: അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3.ഷെഡ്യൂൾ ബി-4: CODE- 320200111, CODE-320200112 പ്രകാരമുള്ള CFC ഗ്രാന്റിന്റെ ആകെ നീക്കിയിരിപ്പ് തുക ഷെഡ്യൂൾ B17 ലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

4. ഷെഡ്യൂൾ ബി-4 Beneficiary Contributions 168106രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. ഷെഡ്യൂൾ ബി-4 -Code 320700204,320700205 Contributions For Joint Venture Projects നീക്കിയിരിപ്പ് തുക ഷെഡ്യൂൾ ബി-17 നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

6. ഷെഡ്യൂൾ ബി-7: Deposits Received- ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഇനം ഡിപ്പോസിറ്റുകളുടെ ആകെ തുക സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ വിവിധ ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല

7. ഷെഡ്യൂൾ B-15 Sundry Debtors Receivables- വാടകരജിസ്റ്റർ പ്രകാരം വാടകയിനത്തിൽ തൻവർഷത്തേയും മുൻവർഷങ്ങളിലേയും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക വാർഷികധനകാര്യപത്രികയിലെ തുകയുമായി

പൊരുത്തപ്പെടുന്നില്ല

8,ഷെഡ്യൂൾ ബി-18- Loans, Advances And De.posits-Miscellaneous Advance- അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാനം ക്രമീകരിക്കാനുള്ള മുൻകൂറുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ(310620) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

9. വസ്തുനികതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10455646 |
| വരവ് | 56063165 |
| ആകെ | 66518811 |
| ചെലവ് | 55922068 |
| നീക്കിയിരിപ്പ് | 10596743 |

## 1-4 ഗ്രാന്റ് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9163000 | 9163000 | 9162933 | 67 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 6154634 | 6154634 | 5692963 | 461671 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7876370 | 7876370 | 6740992 | 1135378 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4927969 | 4927969 | 3014055 | 1913914 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 6299000 | 6299000 | 2871450 | 3427550 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 2056973 | 2056973 | 1591782 | 465191 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ ഇ..ജി.എസ് | 7138 | 15503159 | 15510297 | 15503154 | 7143 |
| ഐ.സി.ഡി.എസ്. | 1128838 | 294926 | 1423764 | 192044 | 1231720 |

സംസ്ഥാനാവിഷ്കൃത ഫണ്ട്

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 2585233 | 0 | 2585233 | 2111561 | 473672 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയും.വികസനഫണ്ട് (Scp), മെയിന്റനൻ ഗ്രാന്റ് (റോഡ്, നോൺറോഡ്) എന്നീ ഇനങ്ങളിൽ GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് | 9163000 | 7817266 | 1345734 | ലൈഫ് മിഷൻ |

| | | | | |
|---|---|---|---|---|
| (ജനറൽ) | | | | ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 557334/-, അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 788400/- |
| വികസനഫണ്ട് (എസ് സി പി) | 6154634 | 5968334 | 186300 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 102666 GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 83634 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 7876370 | 7805000 | 71370 | GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 71370 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 4927969 | 4853319 | 74650 | GO(Rt)നം 2617/2022/fin 31.03.22 പ്രകാരം ലഭിച്ച 74650 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 142 | 63114003 | 119 | 39252125 | 23 | 62.19 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 2425686 | 2250686 | 92.79 |
| 2 | വെറ്ററിനറി സർജൻ | 2568710 | 1693855 | 65.94 |
| 3 | മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 1430800 | 1011896 | 70.72 |
| 4 | മെഡിക്കൽ ഓഫീസർ- ആയുർവേദം | 605000 | 605000 | 100 |

| | | | | |
|---|---|---|---|---|
| 5 | വി.ഇ.ഒ | 17093419 | 7098700 | 41.53 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3409450 | 2809122 | 82.39 |
| 7 | സെക്രട്ടറി | 8267909 | 6611697 | 79.97 |
| 8 | ഹെഡ് മാസ്റ്റർ | 895605 | 894455 | 99.87 |
| 9 | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 22503959 | 13880858 | 61.68 |
| 10 | ഡയറി ഫാം ഇൻസ്റ്റക്ടർ | 920000 | 618015 | 67.18 |
| 11 | അസ്സിസ്റ്റന്റ് സെക്രട്ടറി | 1841465 | 1564230 | 84.94 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1152000 | 213611 | 18.54 |
| | ആകെ | 63114003 | 39252125 | 62.19% |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7138 | 569547 | 576685 | 569542 | 7143 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 14933612 | 14933612 | 14933612 | - |
| ആകെ | 7138 | 15503159 | 15510297 | 15503154 | 7143 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 193 | 3635000 |
| 2 | വികലാംഗ പെൻഷൻ | 186 | 3531800 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1369 | 24551000 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 334400 |
| 5 | വിധവാ പെൻഷൻ | 564 | 10282300 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2023ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 39696 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുമായി ഓഫീസ് ഉത്തരവുകൾ മുഖേന ഉദ്യോഗസ്ഥർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസവും പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനത്തിന്റെ കൃത്യത ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററുകളുമായി ഒത്തുനോക്കി പരിശോധിക്കുന്നുണ്ട്. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിയ്ക്കുകയും വാർഷിക ഡി.സി.ബി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ബാങ്ക് അക്കൌണ്ടുകളുടെ

പ്രതിമാസ റെക്കൺസിലേഷൻ നടത്തിയിട്ടുണ്ട്. മാസം തോറും സ്റ്റാഫ് മീറ്റിംഗ് നടത്തുന്നുണ്ട്. പദ്ധതികളുടെ അവലോകനത്തിന് നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള മീറ്റിംഗ് നിശ്ചിത ഇടവേളകളിൽ നടത്തിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം കാര്യക്ഷമമായി പിരിച്ചെടുത്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച വിവിധ ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട്, ബി-ഫണ്ട് ചെലവുകൾ, പദ്ധതി നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നുണ്ട്. ക്ഷേമപെൻഷനുകളുടെ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2018 - 28.02.2018 | 2012 – 13 മുതൽ 2016 – 17 വരെ | 11.04.2018 |
| പെർഫോമൻസ് ഓഡിറ്റ് | 09.03.2022 മുതൽ 11-03-22 വരെ | 04-2021 മുതൽ 12-2021 വരെ | 10-10-22 |

## 1-11 ആരാധാനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് - പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിരിക്കുന്നതും ആയതുമായി ബന്ധപ്പെട്ട അനുബന്ധകെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ സബ് ഗ്രൂപ്പ് ഓഫീസർ (തിരുവിതാംകൂർ ദേവസ്വം ബോർഡ്) ഉടമസ്ഥതയിലുള്ള ആരാധനാലയങ്ങളല്ലാത്ത കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പരും കെട്ടിട നമ്പരും | അടിസ്ഥാന വസ്തു നികുതി | തുക ഈടാക്കാനുള്ള വർഷങ്ങൾ | ആകെ തുക |
|---|---|---|---|---|
| 1 | 12/185 | 13500 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 121500 |
| 2 | 12/185 A | 3648 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 32832 |
| 3 | 12/186 | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 4 | 12/186A | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 5 | 12/186B | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 6 | 12/186C | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 7 | 12/186D | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 8 | 12/186E | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 9 | 12/186F | 720 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 6480 |
| 10 | 12/188 | 330 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 2970 |
| 11 | 12/187 | 2576 | 2013-14 മുതൽ 2021-22 വരെ | 23184 |

| | | | | |
|---|---|---|---|---|
| | | | (9 വർഷം) | |
| 12 | 12/189 | 144 | 2013-14 മുതൽ 2021-22 വരെ (9 വർഷം) | 1296 |
| | | | ആകെ | 227122 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അടിസ്ഥാന വസ്തുനികുതി ഇനത്തിൽ 227122 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. കൂടാതെ സേവന ഉപനികുതി (25%) ഇനത്തിൽ 56781 രൂപയും ലൈബ്രറി സെസ് ഇനത്തിൽ 11356 രൂപയും ഈടാക്കാനുണ്ട്. ഇപ്രകാരം വസ്തുനികുതി ഇനത്തിൽ വലിയ തുക പിരിച്ചെടുക്കാനുള്ള സാഹചര്യത്തിൽ ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-12/28-02-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് പഞ്ചായത്തധികൃതർ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഒഴിവാക്കിനൽകിയതുമൂലമുണ്ടായ നഷ്ടം ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-12 തൊഴിൽനികുതി പിരിവ് – അപാകതകൾ

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മുണ്ടിയപ്പള്ളി പോസ്റ്റോഫീസിലെ താഴെപ്പറയുന്ന ജീവനക്കാരനിൽ നിന്നും 2021-22 വർഷത്തെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | ഉദ്യോഗ പേര് | തുക |
|---|---|---|---|
| 1 | ശ്രീ. റ്റി.കെ സുരേഷ് ബാബു | എ.ബി.പി.എ | 600 |

2. ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ കരാർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1. | ശ്രീ. കെ. പി ജോൺ |
| 2. | ശ്രീ. പ്രസാദ് എ. |
| 3. | ശ്രീ. കെ.എം. ജോർജ്ജ് |
| 4. | ശ്രീ. കബീർ പി.എം. |
| 5. | ശ്രീ. ജിനോ പി. കുര്യൻ |
| 6. | ശ്രീ. വർഗ്ഗീസ് ജോർജ്ജ് |
| 7. | ശ്രീ. ജോൺ സി. തോമസ് |
| 8. | ശ്രീ. പ്രശാന്ത് പ്രസാദ് |
| 9. | ശ്രീ. ലിജോ സാം വർഗീസ് |
| 10. | ശ്രീ. കെ.എം. ജോസഫ് |
| 11. | ശ്രീ. രഞ്ജു കുര്യാക്കോസ് |
| 12. | ശ്രീ. ജിതിൻ വർഗീസ് |
| 13. | ശ്രീ. അനിൽ വർഗ്ഗീസ് |
| 14. | ശ്രീ. ബബിലു സുരേന്ദ്രൻ |
| 15. | ശ്രീ. സുനിൽ എം.ജി |
| 16. | ശ്രീ. ജോൺ.സി |
| 17. | ശ്രീ. അനിൽ വർഗ്ഗീസ് |
| 18. | ശ്രീ. ബ്രൈറ്റ് മാർക് |
| 19. | ശ്രീ. മോൻസൺ ഐസക് |
| 20. | ശ്രീ. പ്രകാശ് കുമാർ |

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3. റേഷൻ കടകൾ, അക്ഷയകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള 6റേഷൻ കടകൾ, അക്ഷയകേന്ദ്രം ഞാലിക്കണ്ടം എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക പിരിവ്- അപാകതകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള 29 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ് , 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കേണ്ടതും ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

2. വാടക ഡെപ്പോസിറ്റ് തുകയെക്കുറിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല

നിലവിൽ കടമുറികൾ കൈവശം വെച്ചിരിക്കുന്നവരുടെ വാടക ഡെപ്പോസിറ്റ് തുകയെക്കുറിച്ച് കൃത്യമായ കണക്ക് പഞ്ചായത്തിലില്ല. വർഷാവർഷം അടിസ്ഥാന വാടകയിൽ 5% വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നില്ല. കടമുറികളുടെ ലേലം അവസാന നടന്നത് എന്നാണെന്ന് വ്യക്തമാക്കിയില്ല.

3. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നില്ല

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020-21 ൽ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെയും 2021- 22 ൽ ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെയും വാടക, കമ്മിറ്റി തീരുമാന പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. ശേഷിച്ച കാലയളവിലെ വാടക കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. | അടിസ്ഥാന വാടക | കുടിശ്ശിക വരുത്തിയ കാലയളവ് |
|---|---|---|---|---|
| 1. | അനീഷ് എം.എസ് | VII/179 | 1626 | 01/22-03/22 |
| 2. | വി.കെ.രാജൻ | X/174 | 1293 | 04/21- 06/21<br>01/22- 03/22 |
| 3. | വിജയമ്മ സുധാകരൻ | VII/152B | 1864 | 04/19-03/20<br>07/20-03/21<br>04/21- 06/21<br>01/22-03/22 |

ടിയാളുകളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ഗ്രാമപ്പഞ്ചായത്തിന്റെ കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടക രഹിതമായി വർഷങ്ങളായി പ്രവർത്തിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ കെട്ടിടത്തിൽ പോസ്റ്റ് ഓഫീസ് വാടക രഹിതമായി വർഷങ്ങളായി പ്രവർത്തിച്ച വരുന്നുണ്ട്. നിലവിൽ മാവേലി സ്റ്റോറുകൾക്ക് മാത്രമാണ് വാടകരഹിതമായി കെട്ടിടം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. പോസ്റ്റ് ഓഫീസിന് വാടകരഹിതമായി കെട്ടിടം നൽകിയതിന് വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 പൊതുടാപ്പുകളുടെ വെള്ളക്കരം - കുടിശ്ശിക പെരുകുന്നു

പ്രതിമാസ വെള്ളക്കരം ആയി 80398 രൂപയാണ് ഓരോ മാസവും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. എന്നാൽ 72625 രൂപയാണ് (175 ടാപ്പുകൾക്ക്) പഞ്ചായത്ത് ഒടുക്കിവരുന്നത്. ഡിമാന്റ് തുക പൂർണ്ണമായും ഒടുക്കാത്തതിനാൽ കുടിശ്ശിക ഭീമമായി വർദ്ധിച്ചിട്ടുണ്ട്. 2023 ഫെബ്രുവരിയിലെ ബിൽ പ്രകാരം ഫൈൻ ഉൾപ്പെടെ കുടിശ്ശിക 748315 രൂപയായി വർദ്ധിച്ചു. പ്രവർത്തിക്കുന്ന പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് സംയുക്ത പരിശോധനയ്ക്ക് വാട്ടർ അതോറിറ്റി സന്നദ്ധമായിട്ടുണ്ടെന്നും, ഉടനെ തന്നെ പ്രവർത്തിക്കുന്നതും

നിലനിർത്തേണ്ടുന്നതുമായ ടാപ്പുകൾ ഏതൊക്കെയെന്ന് സംയുക്ത പരിശോധന നടത്തി കണ്ടെത്തുന്നതാണെന്നും എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭിച്ചു. ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനും കുടിശ്ശിക തീർപ്പാക്കുന്നതിനും ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-15 മാലിന്യശേഖരണം- മോണിട്ടറിംഗ് സിസ്റ്റം - തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും പദ്ധതി പൂർത്തീകരിച്ചില്ല

ഹരിതകർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ് ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോൺ മുഖേന Smart Garbage Monitoring System നടപ്പാക്കുന്നതിനുമായി 18.11.21 ലെ GO(Rt)2307/2021 /LSGDനമ്പർ ഉത്തരവ് പ്രകാരം സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഇതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 204900 രൂപ തനത് ഫണ്ട് അടങ്കൽ വകയിരുത്തി പദ്ധതി (S176/22) ആവിഷ്കരിച്ചിരുന്നു. 18.3.22 ൽ കരാറിൽ ഏർപ്പെട്ടശേഷം 6 മാസത്തെ സർവ്വീസ് ചാർജ് ആയി 135700 രൂപ, എസ്.എം.എസ് തുക 7200 രൂപ, ലാപ് ടോപ്, മറ്റ് സാമഗ്രികൾ എന്നിവയ്ക്ക് 50000 രൂപ എന്നിങ്ങനെ ആകെ 204900 രൂപ കെൽട്രോണിന് കൈമാറി (ചെക്ക് നമ്പർ 5551750/ 30.3.2022 62000 രൂപ, ചെക്ക് നമ്പർ 0110036/ 19.3.2022 142900 രൂപ).

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് 28.2.2023 ൽ 13-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് (QR Code) സ്ഥാപിക്കുന്ന പ്രവർത്തനവും വിവരശേഖരണവും ഭാഗികമായി നടന്നിട്ടുണ്ടെന്നും, എന്നാൽ നിലവിൽ ബാക്കി പ്രവർത്തനങ്ങൾ നടക്കുന്നില്ലയെന്നും എക്സിറ്റ് കോൺഫറൻസിൽ മറുപടി ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഹരിതകർമ്മസേനയുടെ മാലിന്യശേഖരണത്തിന് Smart Garbage Monitoring System ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 1-16 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ആവശ്യമായ രേഖകളില്ലാതെ തുക നൽകി

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (38/21-22) എന്ന പ്രോജക്ട് പ്രകാരം 20 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയത്. വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ 504680 രൂപയാണ് പദ്ധതി ചെലവ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായ രേഖകളില്ലാതെ സൂര്യാ ഗോപി, തുരുത്തുമല തകിടിയിൽ, മുണ്ടിയപ്പള്ളി.പി.ഒ എന്ന വിദ്യാർത്ഥിനിക്ക് 29680 രൂപ സ്കോളർഷിപ്പായി നൽകിയിരുന്നു.ടിയാൾ ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ്, റീജിയണൽ സെന്റർ, തുറവൂർ എന്ന സ്ഥാപനത്തിൽ എം.എസ്.ഡബ്ല്യൂ കോഴ്സിന് പഠിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക നൽകേണ്ടത്.എന്നാൽ ഇപ്രകാരമൊരു സാക്ഷ്യപത്രമില്ലാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ടിയാൾക്ക് തുക നൽകിയിരിക്കുന്നത്. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം-3/22-03-2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിദ്യാർത്ഥിനിയുടെ പഠന രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-17 ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും 2020-21 വർഷം എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിലവിലും ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | തീയതി |
|---|---|---|---|
| 1 | ശ്രീദേവി.റ്റി.ആർ<br>W/o റ്റി.റ്റി ജയകുമാർ<br>തുമ്പുങ്കൽ കോളനി<br>കവിയൂർ | 40000 | 12-05-2020 |
| | | 160000 | 23-07-2020 |
| | | 100000 | 09-07-2021 |
| | ആകെ | 300000 | |
| 2 | കെ.കെ ദാമോദരൻ | 40000 | 23-02-2021 |
| | | 100000 | 23-02-2021 |

| | | | |
|---|---|---|---|
| | കാഞ്ഞിരംകുന്നിൽ | 60000 | 02-05-2021 |
| | കവിയൂർ | 100000 | 28-06-2022 |
| | ആകെ | 300000 | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ടി വിവരം ഭരണസമിതിയെ അറിയിക്കുകയും ഗുണഭോക്താക്കളെ പഞ്ചായത്തിൽ നിന്നും നോട്ടീസ് അയച്ച് വിളിപ്പിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുമെന്നാണ് അറിയിച്ചത്.ഭവനനിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും നൽകിയത് സംബന്ധിച്ചുള്ള മറുപടി ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-18 ആട് വളർത്തൽ (എസ്.സി.പി)- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | ആട് വളർത്തൽ (എസ്.സി.പി) -73/22 |
| വകയിരുത്തിയ തുക | 48000 – വികസന ഫണ്ട് (എസ്.സി.പി)<br>16000- ഗുണഭോക്തൃ വിഹിതം |
| ചെലവഴിച്ച തുക | 64000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം- 18/27-12-2021- 36000 രൂപ<br>ബിൽ നം- 30/17-03-2022- 12000 രൂപ<br>ചെക്ക് നം- 3289390/19-01-2022- 12000 രൂപ<br>ചെക്ക് നം- 3289394/24-03-2022- 12000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | വെറ്ററിനറി സർജൻ |

പ്രോജക്ട് പ്രകാരം നാല് ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്. ഒരു ഗുണഭോക്താവിന് രണ്ട് ആടുകളെ വീതമാണ് നൽകിയത്. 16000 രൂപയായിരുന്നു രണ്ട് ആടുകളുടെ വില. ഇതിൽ 12000 രൂപ വികസന ഫണ്ടും 4000 രൂപ ഗുണഭോക്തൃവിഹിതവുമായിരുന്നു. ജോസഫ് ജോസ്,ഒരപ്പുകുഴിയിൽ,മൈലപ്ര എന്നയാളിൽ നിന്നുമാണ് ആടുകളെ വാങ്ങിയിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് പ്രകാരം 64000 രൂപ ജോസഫ് ജോസ്, ഒരപ്പുകുഴിയിൽ, മൈലപ്ര എന്നയാൾക്ക് നൽകിയിട്ടുണ്ടെങ്കിലും ബിൽ സൂക്ഷിച്ചിട്ടില്ല.

2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കൾ എന്നിവർ അടങ്ങിയ ഒരു പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ച് ആയത് മുഖേനയാണ് ആടുകളുടെ വാങ്ങൽ നടത്തേണ്ടിയിരുന്നത്. എന്നാൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നില്ല.

3) നാല് ഗുണഭോക്താക്കൾക്കാണ് ആടുകളെ നൽകിയിട്ടുള്ളത്. എന്നാൽ ധന്യ.പി.എസ്, വലിയമണ്ണിൽ, മുണ്ടിയപ്പള്ളി.പി.ഒ, ശ്രീദേവി.റ്റി.ജി, തെക്കേക്കളത്തിൽ, കവിയൂർ.പി.ഒ എന്നിവരിൽ നിന്നും ആടുകളെ ഇൻഷ്വർ ചെയ്ത് പോളിസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

4) പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല.

അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (02/23-02-2022) നൽകിയെങ്കിലും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-19 ജീവനക്കാർക്ക് നൽകിയ മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് അനുവദിക്കുന്ന മുൻകൂറുകൾ മൂന്നു മാസത്തിനകം ചെലവ് രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിച്ച തീയതി മുതൽ ചെലവ് രേഖകൾ ഹാജരാക്കി തുക ക്രമീകരിക്കുന്ന തീയതി വരെയുള്ള കാലയളവിൽ 18% പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ജി.ഒ.(പി.)നം.419/11/ഫിൻ., തീ.04-10-2011-ൽ വ്യവസ്ഥ ചെയ്യുന്നു എന്നാൽ 2021-22 വാർഷികപത്രിക പ്രകാരം 310620 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക സംബന്ധിച്ച് വിശദവിവരം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (10/22/27.02.22) മറുപടി ലഭിച്ചിട്ടില്ല. അഡ്വാൻസ് തുക നാളിതുവരെ ക്രമീകരിക്കാതിരുന്നതിന് വിശദീകരണം അറിയിക്കേണ്ടതാണ്. മുൻകൂറുകൾ കൈപ്പറ്റിയിട്ട്

ക്രമീകരിക്കാത്ത/തിരിച്ചടയ്ക്കാത്ത ജീവനക്കാരുടെ ശമ്പളത്തിൽനിന്നോ റവന്യൂറിക്കവറിയിലൂടെയോ തുക ഈടാക്കാൻ സർക്കുലർ നം. 43/12/ധന., തീയതി 24.07.2012-ൽ നിർദ്ദേശിക്കുന്നുണ്ട്. നാളിതുവരെ മുൻകൂറുകൾ ക്രമീകരിക്കാതിരുന്നതിന് വിശദീകരണം അറിയിക്കേണ്ടതാണ്.

## 1-20 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക യഥാസമയം ലൈബ്രറി കൺസിലിന് നല്കുന്നതിൽ വീഴ്ച

കേരള ഗ്രന്ഥശാലാ സംഘം നിയമമനുസരിച്ച് ഒരു സാമ്പത്തിക വർഷം പിരിക്കുന്ന ലൈബ്രറി സെസ് രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ ഒടുക്കണം, ഒന്നാം ഗഡു ഏപ്രിലിലും, രണ്ടാം ഗഡു നവംബറിലുമാണ് അടക്കേണ്ടത്. കുടിശ്ശിക സെസിന് പ്രതിമാസം 2% പലിശ നല്കണം. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 31.03.22 ലെ കണക്കുകൾ പ്രകാരം 162526രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (11/22.27.02.22) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. പിഴ പലിശ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണെന്ന് ലൈബ്രറി കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട് അതിനാൽ പിഴ പലിശ നല്കാൻ പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാൻ പാടില്ല. അടയ്ക്കുവാനുള്ള ലൈബ്രറി സെസ് അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.കൂടാതെ കുടിശിക ഇല്ലാതെ സെസ് ഒടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-21 സാക്ഷരതതുല്യതാപഠനം വിനിയോഗരേഖകൾ ഇല്ല

2021-22 സാമ്പത്തികവർഷം ഹെഡ്മിസ്ട്രസ്സ് നിർവഹണോദ്യോഗസ്ഥയായി സാക്ഷരതാപദ്ധതി-തുല്യതാപഠനം (പ്രോജക്റ്റ്നമ്പർ 2/22) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പത്താംതരം തുല്യതപഠനത്തിന് 1 പഠിതാവിന്റേയും പ്ലസ്ടു തുല്യതാപഠനത്തിന് 15 പഠിതാക്കളുടേയും ഫീസിനത്തിൽ 34850/- പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽനമ്പർ/തീയതി |
|---|---|---|
| 2/22)<br>സാക്ഷരത പദ്ധതി – തുല്യത പഠനം | 34850 | 210507520096011710 35 Dtd<br>21.02.2022 |

+2 വിഭാഗത്തിൽ 15 പഠിതാക്കളുടെ ഫീസായി 33000 രൂപയും (15x2200=000) പത്താംതരം തുല്യതാവിഭാഗത്തിന് 1പഠിതാവിന്റെ ഫീസിനത്തിൽ 1850 രൂപയും ഉൾപ്പെടെ ആകെ 34850 ആണ് നൽകിയിട്ടുള്ളത്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി തുക വിനിയോഗിച്ചതു സംബന്ധിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിലെ 18 അങ്കണവാടികളുള്ളതിൽ 12 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽതന്നെ 4 എണ്ണത്തിനു മാത്രമാണ് ചുററുമതിലുള്ളത്. 3 എണ്ണത്തിനു മാത്രമാണ് ബേബിഫ്രണ്ട്ലി ടോയ്‌ലറ്റ് സകര്യമുള്ളത്. 1 അങ്കണവാടിക്ക് കെട്ടിടനിർമ്മാണത്തിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. 12-ാം നമ്പർ അങ്കണവാടി മോഡൽ അങ്കണവാടി എന്നു വിശേഷിപ്പിക്കുന്നെങ്കിലും ബേബി ഫ്രണ്ട് ലി പെയിന്റിംഗ്, ചിത്രങ്ങൾ തുടങ്ങിയ കുട്ടികളെ ആകർഷിപ്പിക്കുന്ന യാതൊന്നും തന്നെ ഇല്ല. സർക്കാർ ഉത്തരവ് നം. 39033/ഡിസി2/10/ത.സ്വ.ഭ.വ തീയതി 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടി നടപ്പാക്കുന്നതിന് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. വാർഷികകണക്കുകൾ പ്രകാരം കേന്ദ്രവിഹിതത്തിൽ ചെലവാകാതെ അവശേഷിക്കുന്ന 1231720 രൂപ ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 495710 | 18/22, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 495710 | 0 |
| ജില്ലാ പഞ്ചായത്ത് | 148015 | 84/22, പാലിന് സബ്സിഡി | 148015 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | 58/22, നെൽക്കൃഷി വികസനപദ്ധതി | 500000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 300000 | 18/22, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 36290 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | 84/22, പാലിന് സബ്സിഡി | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 135000 | 58/22, നെൽക്കൃഷി വികസനപദ്ധതി | 135000 | |
| ബ്ളോക്ക് പഞ്ചായത്ത് | 460000 | 80/22, ലൈഫ് ഭവനപദ്ധതി ( ജനറൽ) | 460000 | 0s |
| ബ്ളോക്ക് പഞ്ചായത്ത് | 30000s | 121/22, ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം | 300000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | ജലജീവൻ മിഷൻ | 1594000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1594000 |
| | മത്തിമല – കടുകുളാംപാറ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1000000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1000000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 76,59,043 | 660000 | | 6999043 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VIII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി- ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് -യുണൈറ്റഡ് ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018 മാർച്ച് മാസം 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതായി കാണുന്നില്ല. | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 66518811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55922068 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര - സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.പിറ്റിഎ/പി3/396/98 തീയതി: 3.8.2009 | 1 |
| 1998-99 | എൽഎഫ്.പിറ്റിഎ/പി4/874/04 തീയതി: 11.5.2005 | 6 |

| | | |
|---|---|---|
| 1999-00 (ഡി.സി.ബി) | എൽഎഫ്.പിറ്റിഎ/പി4/878/04 തീയതി: 05.07.2005 | 2 |
| 1999-00 (പ്ലാൻ) | എൽഎഫ്.പിറ്റിഎ/പി2/97/01 തീയതി: 04.02.2002 | 12 |
| 2000-01 | എൽഎഫ്.പിറ്റിഎ/പി.4/680/03 തീയതി: 01.04.2004 | 2 |
| 2002-03 | എൽഎഫ്.പിറ്റിഎ/പി5/189/06 തീയതി: 6.10.2006 | 13 |
| 2004-05 | എൽഎഫ്.പിറ്റിഎ/പി5/1133/07 തീയതി: 03.04.2008 | 5 |
| 2005-06 | എൽഎഫ്.പിറ്റിഎ/പി7/769/11 തീയതി: 8.12.2001 | 3 |
| 2006-07 | എൽഎഫ്.പിറ്റിഎ/പി7/770/11 തീയതി: 8.12.2011 | 10 |
| 2010-11& 11-12 | എൽഎഫ്.പിറ്റിഎ/പി/7/992/13 തീയതി: 05.2.2014 | 9 |
| 2012-13 | എൽഎഫ്.പിറ്റിഎ/പി/7/954/14 തീയതി: 23.12.2014 | 8 |
| 2013-14 | എൽഎഫ്.പിറ്റിഎ/പി/7/348/15 തീയതി: 28.7.2015 | 1 |
| 2015-16 | കെഎസ്എ.പിറ്റിഎ/പി7-1839/17 തീയതി: 21.6.2016 | 5 |
| 2016-17 | കെഎസ്എ.പിറ്റിഎ/പി7-1113/17 തീയതി: 7.10.2017 | 8 |
| 2017-18 | കെഎസ്എ.പിറ്റിഎ/പി.7-23/18 തീയതി: 12.1.2019 | 3 |
| 2018-19 | കെഎസ്എ.പിറ്റിഎ/പി7/156/20 തീയതി: 16.3.2020 | 9 |
| 2019-20 | കെഎസ്എ.പിറ്റിഎ/പി7/258/21 തീയതി: 09-04-2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെഎസ്എ.പിറ്റിഎ/പി7/351/22 തീയതി: 07/05/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്